## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5272 — 05.07.2012 ൽ മറുപടിയ്ക്ക്

### മയ്യിൽ ഗ്രാമപഞ്ചായത്തിലെ ധാന്യമില്ല്

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു

**ഉത്തരം**

സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മയ്യിൽ ഗ്രാമപഞ്ചായത്തിലെ നണിയൂർ നമ്പ്രത്ത് ജനവാസ കേന്ദ്രത്തിൽ ധാന്യമില്ല് പ്രവർത്തിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; | (എ) | മയ്യിൽ ഗ്രാമപഞ്ചായത്തിലെ നണിയൂർ നമ്പ്രത്തിൽ 'Aswini flour mill' എന്ന ധാന്യമില്ലിന് 2008-ൽ സ്ഥാപനാനുമതി നല്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനാനുമതി നൽകിയിട്ടില്ല. |
| (ബി) | ഇതിന് ഗ്രാമപഞ്ചായത്ത് പ്രവർത്തനാനുമതി നല്കിയിട്ടില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇവിടെ തുടങ്ങാനുദ്ദേശിക്കുന്ന ധാന്യമില്ലിനെതിരെ പരിസരവാസികൾ അധികാരികൾക്കെല്ലാം പരാതി നല്കിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജനങ്ങളാകെ എതിർക്കുന്ന മലിനീകരണകാരിയാവുന്ന മില്ലിന് എന്തു കൊണ്ടാണ് അനുവാദം ലഭ്യമാക്കിയതെന്ന് വിശദീകരിക്കുമോ? | (ഡി) | അരി, ഗോതമ്പ് എന്നിവ പൊടിക്കുന്ന ധാന്യമില്ലുകൾക്ക് ബാധകമായ ദൂര പരിധി വ്യവസ്ഥ പാലിക്കുന്നതിനാലാണ് പ്രസ്തുത മില്ലിന് സ്ഥാപനാനുമതി നൽകിയത്. ബോർഡിന്റെ പ്രവർത്തനാനുമതിയോടെ ലൈസൻസ് നൽകേണ്ടത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്താണ്. |

സെക്ഷൻ ഓഫീസർ